**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506** **11-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് കുടിശ്ശിക തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യാപകർക്കും അധ്യാപകേതര ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ വിതരണം ചെയ്യാനുള്ള തുക കുടിശ്ശിക ആയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു കാലയളവ് മുതലുള്ള അപേക്ഷകളിലാണ് ആനുകൂല്യം വിതരണം ചെയ്യാൻ കുടിശ്ശികയുള്ളതെന്നും പ്രസ്തുത തുക എന്നു മുതൽ വിതരണം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (എ) | ഉണ്ട്. എയ്ഡഡ് പ്രൈമറി വിഭാഗത്തിൽ 2020 മുതൽക്കും സെക്കന്ററി തലം വരെയുള്ള മറ്റുവിഭാഗങ്ങളിൽ 2021 മുതൽക്കും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തുക കുടിശ്ശികയായിട്ടുണ്ട്.<br><br>ഹയർസെക്കന്ററി വിഭാഗത്തിൽ 2022-23 കാലയളവ് മുതൽക്കും വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ 2018 മുതൽക്കും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് തുക കുടിശ്ശികയായിട്ടുണ്ട്<br><br>മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനു വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക വിതരണം ചെയ്യാനാകും |

സെക്ഷൻ ഓഫീസർ